(സി) ചിറയുടെ പാർശ്വഭിത്തികളും ബണ്ടും കേടുപാടുകൾ തീർത്ത് വെള്ളം കെട്ടി നിർത്തുന്നതിനും സ്ലൂയിസ് ഗേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്.

കൊല്ലം മുതൽ വർക്കല വരെയുള്ള തീരദേശ റോഡിന്റെ നിർമ്മാണം

79(1558) ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കൊല്ലം മുതൽ വർക്കല വരെയുള്ള തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനം യഥാർത്ഥ്യമാക്കാൻ വിനോദസഞ്ചാര വകുപ്പ് മുൻകൈയെടുക്കുമോ?

ഉത്തരം

നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

പയങ്കുറ്റിമല കേന്ദ്രീകരിച്ച് വിനോദസഞ്ചാര കേന്ദ്രം

80(1559) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ പ്രസിദ്ധമായ പയങ്കുറ്റിമല വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള ഒരു പ്രോജക്ട് കോഴിക്കോട് ജില്ലാ ടൂറിസം വകുപ്പ് ഓഫീസ് സർക്കാരിന് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

ഒ.ഡി.ഇ.പി.സി.യിൽ നിന്നും ടിക്കറ്റ് വാങ്ങണമെന്ന നിബന്ധന

81(1560) ശ്രീ. ടി.എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly